## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം:*142** **11/08/2017 ൽ മറുപടിയ്ക്ക്**

## കർഷകസൗഹൃദ കൃഷിഭവനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.ഷാജി<br>" പാറക്കൽ അബ്ദുല്ല<br>ഡോ.എം.കെ.മുനീർ<br>ശ്രീ.അബ്ദുൽ ഹമീദ്.പി: | ശ്രീ.വി. എസ്. സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |
| (എ) കൃഷിഭവനുകളുടെ പ്രവർത്തനം കർഷകസൗഹൃദമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) കൃഷിഭവനുകളുടെ പ്രവർത്തനം കർഷകസൗഹൃദമാക്കാൻ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷി ഭവനുകൾ രൂപീകരിച്ച് മുപ്പത് വർഷം പൂർത്തിയാകുന്നതു പ്രമാണിച്ച് കൃഷി ഭവനുകളെ കർഷക സേവന കേന്ദ്രങ്ങളായിഉയർത്തുവാനും കൃഷി ഭവനുകളിലെ സേവനങ്ങളും പ്രവർത്തനങ്ങളും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി കൃഷി ഭവനുകളിലെ പ്രവർത്തനങ്ങളിൽ സോഷ്യൽ ഓഡിറ്റിംഗ് നടത്തുവാനുമുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു. കൃഷിഭവൻ തല കാർഷിക വികസന സമിതികൾ പുന:സംഘടിപ്പിച്ച് കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷി ഉദ്യോഗസ്ഥർ കൃഷി സ്ഥലം സന്ദർശിച്ച് സാങ്കേതിക ഉപദേശം നൽകുന്നു. ബ്ലോക്കുതലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും കൃഷി ഭവൻ തലത്തിൽ കാർഷിക കർമ്മസേനകളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വിള ഇൻഷ്വറൻസ് പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച് പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ജൈവകൃഷിയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനും അവരുടെ കാർഷിക ഉത്പന്നങ്ങൾക്ക് മതിയായ വിപണി ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; | (ബി) | ജൈവകൃഷിയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനും അവരുടെ കാർഷിക ഉത്പന്നങ്ങൾക്ക് മതിയായ വിപണി ലഭിക്കുന്നതിനുമുള്ള വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കൃഷിഭവനുകളെ കാർഷിക സേവന ഭവനങ്ങളാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | 'എ ' യിൽ പ്രതിപാദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

1) ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ

കൃഷി ഭവൻ തലത്തിൽ ജൈവ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ജൈവകൃഷി വ്യാപനം സാധ്യമാക്കുന്നു. നിലവിൽ 155 ക്ലസ്റ്ററുകൾക്കായി 116 ലക്ഷം രൂപ ധനസഹായം നൽകുന്നു.

2) ജൈവകാർഷിക മണ്ഡല അവാർഡുകൾ

ജൈവകൃഷി വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിൽ ജൈവകൃഷി വ്യാപനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന മൂന്ന് നിയോജകമണ്ഡലങ്ങൾക്കും മൂന്ന് മുനിസിപ്പാലിറ്റികൾക്കും സംസ്ഥാന തലത്തിൽ ഒരു കോർപ്പറേഷനും ജൈവകൃഷിയിലേക്ക് മാറിയിട്ടുള്ള ജില്ലയിലെ മൂന്ന് മികച്ച പഞ്ചായത്തുകൾക്കും അവാർഡുകൾ നൽകുന്നു.

3) സേഫ് റ്റു ഈറ്റ്

സംസ്ഥാന സർക്കാരിന്റെ "സേഫ് റ്റു ഈറ്റ്" എന്ന പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന മാർക്കറ്റിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി വിവരം പരസ്യപ്പെടുത്തുന്നു. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ ആയ www.kerala.gov.in ലും കാർഷിക സർവ്വകലാശാലയുടേയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും പരിശോധനാഫലം പരസ്യപ്പെടുത്തുന്നതുവഴി ഉപഭോക്താക്കൾക്ക് ഉല്പന്നങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച വിവരം ലഭിക്കുന്നു. ഇപ്രകാരമുള്ള പരിശോധനാഫലം 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നു.

4) ഇക്കോഷോപ്പുകൾ

ജൈവ കർഷകരുടെ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് ഇക്കോഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചു. ഉത്തമ കൃഷിമുറകൾ പാലിച്ചുകൊണ്ട് ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് 20% അധിക വില ഇക്കോഷോപ്പുകൾ

വഴി വിപണനം ചെയ്യുമ്പോൾ കർഷകന് ലഭിക്കുന്നു. കർഷകരുടെ ക്ലസ്റ്ററുകൾ വഴി കാർഷിക ഉല്പന്നങ്ങൾ നഗര പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.

5) <u>ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം.</u>

കേരളത്തിലെ കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുന്നതിന് കാർഷിക ഉല്പന്നങ്ങൾ "കേരള ഓർഗാനിക് " എന്ന ലേബലിലുള്ള പായ്ക്കറ്റുകളായി കേരളത്തിൽ വിപണനം നടത്തുന്നു. ജി. എ. പി സർട്ടിഫിക്കേഷനോടുകൂടിയ തിരഞ്ഞെടുക്കപ്പെട്ട കർഷക ക്ലസ്റ്ററുകൾക്ക് ഈ പദ്ധതിയിൽ പങ്കാളികളാകാവുന്നതാണ്. ഇത്തരം ക്ലസ്റ്ററുകളിൽ നിന്നും ശേഖരിക്കുന്ന ഉല്പന്നങ്ങൾ തരംതിരിച്ച്, ഗ്രേഡ് ചെയ്ത് കേരള ഓർഗാനിക് ലേബലോടു കൂടിയ പായ്ക്കറ്റുകളിലാക്കുന്നു. പരിസ്ഥിതിക്ക് അനുയോജ്യമായ വസ്തുക്കൾ പായ്ക്കിംഗിനായി ഉപയോഗിക്കുന്നതുവഴി ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്തുവാനും കൂടുതൽ സ്വീകാര്യത കൈവരിക്കുവാനും സാധിക്കുന്നു. . ഇതിലേക്കായി കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിലെ 17 ക്ലസ്റ്ററുകൾക്ക്, പച്ചക്കറി കിറ്റുകൾ നഗര പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് നേരിട്ട് വില്പന നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്,